# ആഢംബരവാഹനങ്ങളും നികുതിവെട്ടിപ്പും

പ്രത്യേക ലേഖകൻ



മദ്യലോബിയും സ്പിരിറ്റ് മാഫിയയും പോലെ മറ്റൊരു തട്ടിപ്പ്-വെട്ടിപ്പ് സംഘം കൂടി കേരളത്തിൽ വേരുറച്ചുകഴിഞ്ഞു. അതാണ് വാഹന കൈമാറ്റലോബി. സംസ്ഥാന ഗവൺമ്മെൻറിന് വിവിധ നികുതിയിനങ്ങളിലായി ലഭിക്കേണ്ട കോടിക്കണക്കിന് രൂപയാണ് ആസൂത്രിതവും സംഘടിതവുമായ നീക്കങ്ങളിലൂടെ ഈ സംഘം ഇല്ലാതാക്കുന്നത്. പോലീസ് ഉദ്യോഗസ്ഥന്മാരുടേയും ആർ.ടി.ഒ. അധികൃതരുടേയും വില്പന നികുതി ഉദ്യോഗസ്ഥരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും രാഷ്ട്രീയക്കാരുടേയും പിന്തുണ വിലകൊടുത്ത് വാങ്ങിക്കൊണ്ടാണ് ഈ ലോബി സർക്കാർ ഖജനാവിലേയ്ക്ക് വന്നുചേരേണ്ട കോടിക്കണക്കിന് രൂപ ഇല്ലാതാക്കുന്നത്.

സ്വകാര്യാവശ്യങ്ങൾക്കും ആഢംബരാവശ്യങ്ങൾക്കുമായി കാറു വാങ്ങുന്ന സ്വഭാവം മേൽത്തട്ടിലുള്ള കേരളീയൻെറ പുതിയ പ്രവണതയായതോടെയാണ് ഈ ലോബി രംഗത്തെത്തിയതും നിലയുറപ്പിച്ചതും. കേരളത്തിലേയും ചുറ്റുമുള്ള അയൽ സംസ്ഥാനങ്ങളിലേയും വാഹനങ്ങളുടെ വിൽപ്പനനികുതിയിലും കടത്തുനികുതിയിലും ലൈസൻസ് ഫീയിലുമൊക്കെയുള്ള വ്യത്യാസങ്ങളെ കാറുവാങ്ങുന്നവർക്ക് ലാഭകരവും സർക്കാരിന് നഷ്ടവും വരുത്തുന്ന രീതിയിൽ മറികടക്കാൻ ശ്രമിച്ചുകൊണ്ടാണ് ഈ ലോബി 'സേവനം' നടത്തുന്നത്.

കേരളത്തിലെ നഗരങ്ങളിൽ ഹൈവേകളുടെ അരുകിൽ ഒരു അരമണിക്കൂർ നിന്ന് റോഡിലൂടെ പോകുന്ന കാറുകളുടെ നമ്പർ പ്ലേറ്റു നോക്കിയാൽ കേരളത്തിനു പുറത്തുനിന്നും രജിസ്ട്രേഷൻ വാങ്ങിയ കാറുകളുടെ എണ്ണം അത്ഭുതകരമാംവിധം വർദ്ധിച്ചതായി കാണാം.

ഇത്തരം തട്ടിപ്പുകൾക്ക് ഒത്താശകൾ ചെയ്തുകൊടുക്കുന്ന ഒരു പുതിയ വാഹന വിൽപ്പന ലോബിതന്നെ രംഗത്തെത്തിക്കഴിഞ്ഞു. വാഹനങ്ങൾ വാങ്ങാനും പേപ്പറുകൾ ശരിയാക്കാനും നികുതിവെട്ടിച്ച് അതിർത്തികടക്കുന്നതിന് വേണ്ടപ്പെട്ടവർക്ക് 'മാമൂൽ' നൽകാനും ഇവിടെ എത്തിയ ശേഷം ഏതെങ്കിലും 'കുടുക്കിൽ' പെട്ടാൽ അതിൽ നിന്ന് ഊരിപ്പോരാനുള്ള വഴി നിർദ്ദേശിക്കാനും ഒക്കെ ഈ ലോബി മുമ്പിൽ നിൽക്കുന്നു. അവരിൽനിന്നും സ്ഥിരം മാമൂൽ പറ്റുന്ന ഉദ്യോഗസ്ഥരും ഉന്നത രാഷ്ട്രീയനേതാക്കളും അവർ നിർദ്ദേശിക്കും പടി കണ്ണടയ്ക്കാനും കാതുപൊത്താനും വായമൂടാനും തയ്യാറാകുന്നു. അങ്ങനെ വേണ്ടപ്പെട്ടവരുടെ തന്നെ മൗനാനുവാദത്തോടെ സർക്കാരിന് കോടിക്കണക്കിന് രൂപ നഷ്ടംവരുന്നു. കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ല, കാഞ്ഞിരപ്പിള്ളി, പായിപ്പാട് തുടങ്ങിയ മേഖലകളിൽ ഈ ലോബിയുടെ പ്രവർത്തനം ശക്തമാണ്. ഈ മറുനാടൻ രജിസ്ട്രേഷനുള്ള വാഹനങ്ങളാണ് ഈ നികുതിവെട്ടിപ്പുകഥയിലെ 'തൊണ്ടി'കൾ.

അന്യസംസ്ഥാനത്തുനിന്നും ഒരു കാറ് കേരളത്തിലേയ്ക്ക് കൊണ്ടുവരികയോ, കേരളത്തിലുള്ള ഒരാളുടെ പേരിലേയ്ക്ക് വാഹനം മാറ്റുകയോ ചെയ്യാൽ 30 ദിവസത്തിനകം ഉടമയുടെ പേരു മാറ്റാനും പുതിയ നമ്പർ വാങ്ങാനും അപേക്ഷ നൽകിയിരിക്കണം. കേരളത്തിലേയ്ക്കു കൊണ്ടുവന്ന് അടുത്ത ത്രൈമാസം മുതൽ കേരളത്തിൽ നികുതിയടയ്ക്കുകയും വേണം. കേരളത്തിനുപുറത്തുനിന്നും വാഹനം വാങ്ങി കേരളത്തിൽ കൊണ്ടുവന്ന് ഓടിപ്പിക്കുകയും പുതിയ രജിസ്ട്രേഷനെടുക്കാതെ അന്യസംസ്ഥാനത്തുതന്നെ നികുതി അടച്ചുകൊണ്ടിരിക്കുകയുമാണ് ഈ വിരുതൻമാരുടെ ഒരു വെട്ടിപ്പുരീതി. കേരളത്തിലെ ഉയർന്ന നികുതിനിരക്കാണ് ഇതിനവരെ പ്രേരിപ്പിക്കുന്നത്. പക്ഷേ, അന്നന്നത്തെ അന്നത്തിനുവേണ്ടി വാടകവണ്ടിയോടിക്കുന്നവൻെറ വണ്ടി തടഞ്ഞുനിർത്തി നിയമം പറയുന്ന ഏമാൻമാരൊന്നും ഈ 'മറുസംസ്ഥാനശകട'ങ്ങളെ തടഞ്ഞുനിർത്താൻ ശ്രമിക്കുന്നില്ല എന്നതാണ് വിഷയം.

ഉയർന്ന വിലയുള്ള ആഢംബര വാഹനങ്ങൾ വാങ്ങുന്നവർ മറ്റൊരു തട്ടിപ്പാണ് നടത്തുന്നത്. ആഢംബരവാഹനങ്ങൾ തെരഞ്ഞെടുക്കാൻ തമിഴ്നാട്, കർണ്ണാടക, ഡൽഹി, ബോംബെ, പോണ്ടിച്ചേരി ഭാഗങ്ങളിലെ ഷോറൂമുകളിലാണ് വാങ്ങുന്നവർ പോകുക. കേരളത്തിൽ തൃപ്തികരമായ കാർ ഷോറൂമുകളില്ല. മേൽപ്പറഞ്ഞയിടങ്ങളിൽ പോയാൽ റൊക്കം കാശുകൊടുത്ത് ഇഷ്ടപ്പെട്ട വാഹനം തെരഞ്ഞെടുത്ത് ഓടിച്ചുപോരാവുന്ന അവസ്ഥയുണ്ട്. പക്ഷേ, പുതിയൊരു കാർ വാങ്ങി 15 ദിവസത്തിനുള്ളിൽ കേരളത്തിലേയ്ക്കു പ്രവേശിക്കുന്നയാൾ 12 ശതമാനം വിൽപ്പനനികുതി അടച്ചിരിക്കണമെന്നാണ് നിയമം. അപ്പോൾ, 10 ലക്ഷം രൂപ വില വരുന്ന ഒരു 'ലാൻസർ' വാങ്ങി വരുന്നയാൾ നിയമം പാലിച്ചാൽ ഒന്നേകാൽ ലക്ഷം രൂപയോളം ടാക്സ് അടയ്ക്കണം. സംസ്ഥാന അതിർത്തിയിൽ അൽപ്പം കനത്തിൽ കൈമടക്കുകൊടുത്ത് വണ്ടി കേരളത്തിലേയ്ക്കു കടത്തി എങ്ങനെയെങ്കിലും രണ്ടാഴ്ച കഴിഞ്ഞാൽ ലാഭം ഒരു ലക്ഷം! ഇത്തരം 'ഉന്നത വാഹനങ്ങളെ' ചാർജ്ജുചെയ്യാൻ പോലീസും ആർ.ടി.ഒ. അധികൃതരും തയ്യാറാകുന്നില്ല. അങ്ങിനെ ഖജനാവിന് വർഷം തോറും നഷ്ടപ്പെടുന്നത് കോടികൾ!